## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 624
## 11.07.2012-ലെ മറുപടിക്ക്
## ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.എ.മാധവൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സ.ഉ (ആർ.റ്റി) നം: 5/12/ധന തീയതി 02.01.2012 പ്രകാരം തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം നടപ്പാക്കാൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇതു നടപ്പാക്കാനുദ്ദേശിക്കുന്നത്; | നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെയാണ് ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നത്. |
| സി) | ഇതു കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതോടു കൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനും പരസ്പരം ബന്ധിപ്പിക്കുന്നതിനും സാധ്യമാകുന്നതാണ്. കൂടാതെ ട്രഷറി ഇടപാടുകാർക്ക് സംസ്ഥാനത്തെ ഏതു |

| | | |
|---|---|---|
| | | ട്രഷറിയിൽ നിന്നും പണമിടപാടു നടത്തുന്നതിനും, ട്രഷറി എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നതിനും കഴിയുന്നതാണ്. |
| ഡി) | ഈ സംവിധാനം എന്നു മുതൽ പ്രാവർത്തികമാകും എന്ന് വിശദമാക്കുമോ? | തീരുമാനമായിട്ടില്ല. |

Sayarani

**സെക്ഷൻ ഓഫീസർ**